പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 292 22..06.2012 ൽ മറുപടിയ്ക്ക്

**കെയർ പദ്ധതി**

ചോദ്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ശ്രീ. പാലോട് രവി

ശ്രീ. വി.ഡി. സതീശൻ

ശ്രീ. റ്റി.എൻ. പ്രതാപൻ

ഉത്തരം

ഡോ. എം.കെ. മുനീർ

പഞ്ചായത്തും സാമൂഹ്യക്ഷേമവും

വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | 'കെയർ' (CARE) പദ്ധതി യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (എ) | മുതിർന്ന പൗരന്മാരുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി ഫലപ്രദവും കാര്യക്ഷമവുമായ സംരക്ഷണം നൽകുക, അതുവഴി അവരിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുക, ആരോഗ്യം പോലെയുള്ള അവശ്യം വേണ്ട കാര്യങ്ങളിൽ വൃദ്ധജനങ്ങ ൾക്കും മുതിർന്ന പൗരന്മാർക്കും മതിയായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുക, സ്വതന്ത്രവും സുരക്ഷിതവുമായി സമൂഹത്തിൽ ജീവിക്കാൻ പ്രേരിപ്പിക്കുക, വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ മുതിർന്ന പൗരന്മാർക്കും വൃദ്ധജനങ്ങൾക്കും മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുക, സ്വതന്ത്രമായും, ഒറ്റപ്പെട്ടും ജീവിക്കുന്ന മുതിർന്ന പൗരന്മാരുടെയും വൃദ്ധജനങ്ങ ളുടെയും ജീവിതത്തിൽ ഉണ്ടാകാനിടയുള്ള അതിക്രമങ്ങളെക്കുറിച്ച് ബോധവാൻമാരാ ക്കുക തുടങ്ങിയവയാണ് കെയർ എന്ന പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ |
| (ബി) | ഏതെല്ലാം ഏജൻസിക ളുടെ സഹായത്തോടെ യാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; | (ബി) | സാമൂഹ്യക്ഷേമ വകുപ്പ് , ആഭ്യന്തര വകുപ്പ്, വിവിധ സന്നദ്ധ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയുടെ സഹകരണത്തോടെയാണ് കെയർ പദ്ധതി നടപ്പാക്കുന്നത് |
| സി | പ്രസ്തുത പദ്ധതി നടപ്പാ ക്കുന്നതിന് എന്തെല്ലാം നട പടികൾ ഇതിനകം സ്വീക രിച്ചിട്ടുണ്ട് എന്ന് വ്യക്തമാ ക്കാമോ ? | (സി) | പ്രായാധിക്യത്താൽ വലയുന്നവരുടെയും ആലംബമറ്റ വൃദ്ധജനങ്ങളുടേയും രക്ഷിതാക്കളുടെയും സുരക്ഷ മുൻ നിർത്തി Maintenance and Welfare of Parents and Senior Citizens Act 2007 ന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ Kerala Maintenance and Welfare of Parents and Senior Citizens Rules 2009 എന്ന ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത ചട്ടത്തിന്റെ 20 -ാം ചട്ട പ്രകാരം വൃദ്ധജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ നൽകണമെന്ന് നിർദ്ദേശിച്ച് കൊണ്ട് 11.03.2010 ലെ സർക്കുലർ നം. 16/10 പ്രകാരം സംസ്ഥാന പോലീസ് മേധാവി പോലീസ് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 13 -ാം ധനകാര്യ കമ്മീഷൻ അവാർഡിന്റെ ഭാഗമായി മുതിർന്ന പൗരന്മാരുടെയും നിരാലംബരായ വൃദ്ധ ജനങ്ങളുടെയും, രക്ഷിതാക്കളുടെയും സുരക്ഷയ്ക്കായി പദ്ധതി നടപ്പിലാക്കി യിട്ടുണ്ട്. ഈ പദ്ധതി പ്രകാരം പോലീസ് സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺ ഹെൽപ്പ് ഡസ്ക്കുകൾ സ്ഥാപിയ്ക്കുന്ന തിനും ജില്ലാ ആസ്ഥാനങ്ങളിൽ സീനിയർ സിറ്റിസൺ ബ്യൂറോ സ്ഥാപിയ്ക്കുന്നതിനും ജില്ലാ പോലീസ് കണ്ട്രോൾ റൂമുകളിൽ 24 മണിക്കൂറും പ്രവർത്തിയ്ക്കുന്ന ഹെൽപ് ലൈൻ സ്ഥാപിയ്ക്കുന്നതിനും . പോലീസ് ആസ്ഥാനത്ത് സംസ്ഥാനതല സീനിയർ സിറ്റിസൺ ബ്യൂറോ സ്ഥാപിക്കുന്നതിനും ഫണ്ട് വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ